## Weekly Devotion - December-2018

# Neck under the yoke (നുകത്തിന് കീഴ്പ്പെടുക)




ഗുരുകുല വിദ്യാഭ്യാസ കാലത്ത് ഒരിക്കൽ ഒരു കവലയിൽ നിന്ന ഗുരുവും ശിഷ്യൻമാരും പശുവിനെ കയറുകൊണ്ട് നിയന്ത്രിക്കുന്ന ഒരു മനുഷ്യനെ കണ്ടു . ഇവിടെ ആർ ആരെ നിയന്ത്രിക്കുന്നു എന്ന ഗുരുവിന്റെ ചോദ്യത്തിന് മനുഷ്യൻ പശു വിനെ നിയന്ത്രിക്കുന്നു എന്ന മറുപടി ലഭിച്ചു. സ്വല്പം കഴിഞ്ഞ് പശു ഓടുന്നതും അയാൾ പുറകെ ഓടുന്നതും കണ്ട ഗുരു തന്റെ ചോദ്യം ആവർത്തിച്ചു. ഇപ്പോൾ പശു മനുഷ്യനെ നിയന്ത്രിക്കുന്നു കാരണം പശുവിന്റെ കഴുത്തിൽ ഇപ്പോൾ കയർ ഇല്ല എന്ന താണ്. മുൻപോട്ടുള്ള യാത്രയെ തടയുന്ന വസ്തുവിനെ നുകം എന്നു പറയുന്നു. നുകം നമ്മുടെ സ്വാതന്ത്ര്യം നഷ്ടമാക്കുന്നു.

പ്രതീകാത്മകമായിട്ടാണ് വചനത്തിൽ നുകത്തെ രേഖപ്പെടുത്തിയാരിക്കുന്നത്. ദൈവഹി തപ്രകാരമല്ലാത്തതും , ദൈവഹിതപ്രകാരം ഉള്ളതുമായ നുകങ്ങളാണ് അവ. മനുഷ്യ ജീവിതത്തിലെ നുകങ്ങളെപ്പറ്റി വചനാധിഷ്ഠിതമായി നമുക്ക് ചിന്തിയ്ക്കാം.

1. ***<u>പാപത്തിന്റെ നുകം</u>***

ഒരു വസ്തുവിനോട് തോന്നുന്ന ആഗ്രഹം പാപത്തിലേക്ക് നമ്മെ വീഴ്ത്തുവാൻ കാര ണമാകുന്നു. വേട്ടയാടി നന്നാ ക്ഷീണിച്ചു വന്ന ഏശാവ് പായസത്തിനു വേണ്ടി ജേഷ്ഠാ വകാശം അനുജനു വിൽക്കുന്നു. (ഉല്പ:25:30-34)ആദ്യജാതന്റെ പിൻതുടർച്ചാവകാശം എന്നതിലെ 3 പദവികൾ ആണ് അവൻ നഷ്ടപ്പെടുത്തിയത് .

1. കുടുംബത്തിന്റെ തലവൻ ആരാധനയിൽ നായകൻ എന്ന പദവി നഷ്ടമാക്കി.

2. പിൻതുടർച്ചാവകാശത്തിന്റെ ഇരട്ടിപ്പങ്ക് (ആവ:21:15:17)

3. ദൈവീക വാഗ്ദത്തവും അനുഗ്രഹവും നഷ്ടമാക്കി (ഉല്പ:27:34:35)

പാപ മോചനമെന്ന വീണ്ടെടുപ്പ് പ്രാപിച്ച് ദൈവമക്കളായവർ പാപത്തിന്റെ നുകം വീണ്ടും കഴുത്തിൻ വീണ് ലഭ്യമാകേണ്ട സ്വർഗ്ഗീയ നന്മകൾ നഷ്ടമാക്കരുത്. - Read എഫേ: (4:19)

## 2. അടിമത്വത്തിന്റെ നുകം

യിസ്രായേൽ മക്കളുടെ അടിമത്വത്തിന്റെ നുകം ഭാരമുള്ളതാകയാൽ അവർ യഹോവ യോട് നിലവിളിച്ചു എന്ന് വചനം വ്യക്തമാക്കുന്നു.ഈ നുകം കഴുത്തിൽ വീണതിന്റെ കാരണം യാഗത്തിൽ അബ്രഹാമിനു വന്ന പിഴവുമൂലമാണ്. Read:ഉല്പ:(15:12:13) യാഗത്തിലെ പിഴവുകൾ പുതിയ നിയമ ക്രിസ്ത്യാനിക്കും ഭാരമുള്ള നുകമാകും എന്ന് മറക്കരുത്. ദൈവകല്പനകളോട് ഗൗരവം കാണിക്കാത്തതും വചനം ജാഗ്രതയോടെ പഠിക്കുവാൻ വൈമനസ്യം കാട്ടുന്നതും , യഹോവയോട് പിറുപിറുക്കുന്നതും പാപമാണ്. ഈ നുകം തകർത്ത് പുറത്തു കൊണ്ടു വന്നതാരാണെന്നും , നുകം ഓടിഞ്ഞാലുള്ള മധുരം എന്താണെന്നും ലേവ്യ :(26:11-13) വാക്യങ്ങളിൽ കാണുന്നു.

## 3. രോഗത്തിന്റെ നുകം

ഈ നുകം സകലതും നശിപ്പിക്കുന്നതാണെന്ന് വചനം വ്യക്തമാക്കുന്നു. ഏറിയോന്ന് സഹിച്ച് , എല്ലാം വിറ്റ് ചികിത്സിച്ചവൾ , ഭേദം വരാതെ പരവശയായിത്തീർന്നപ്പോൾ യേശുവിനെക്കുറിച്ച് കേട്ടു. (മർക്കോ:6:23-34). യേശുവിന്റെ വസ്ത്രത്തിന്റെ അഗ്രത്തിൽ തൊടുവാൻ കാട്ടിയ ധൈര്യം അവളിലേക്ക് അഭിഷേകത്തിന്റെ ശക്തി ഒഴുക്കി. രോഗത്തിന്റെ നുകം ഒടിഞ്ഞ് അവൾ സ്വതന്ത്രയായി. പത്രോസിന്റെ ബന്ധനത്തിന്റെ നുകം തകർക്കുവാൻ ദൂതനെ അയച്ച ദൈവം, നമ്മുടെ സമ്പത്ത് , ആരോഗ്യം ഇവയെ തകർക്കുന്ന നുക കൈകളെ ഒടിക്കണമെങ്കിൽ ശ്രദ്ധയോടുകൂടി. പ്രാർത്ഥന ആവശ്യമാണ്. (അപ്പോ:പ്ര 12:15-8)

## 4. യഹോവ നൽകുന്ന നുകം

"ഒരു വാക്കും വിട്ടുകളയരുത്" എന്ന യഹോവയുടെ നിർദ്ദേശം ലഭിച്ച യിരെമ്യാവ് തന്നെ ഏല്പിച്ച ജോലി പൂർത്തിയാക്കിയതിന് മരണയോഗ്യൻ എന്ന് പേർ നൽകിയ ജനം പിന്നീട് അവരുടെ വാക്കു തിരുത്തി- യിരെ (26:3,11)ആരെല്ലാം വിട്ടുപോയാലും ദൈവം ഏല്പിച്ച ജോലികൾ പൂർത്തീകരിപ്പാനുള്ള അനുസരണം നമുക്കുണ്ടോ? യിരെ: 27:2-5 വരെയുള്ള വാക്യങ്ങളിൽ യഹോവ ഒരു നുകവും കയറും വാങ്ങി കഴുത്തിൽ വച്ച് ആരോട് എന്തെല്ലാം പറയണമെന്ന് ആവശ്യപ്പെടുന്നു. തന്റെ മഹാശക്തി കൊണ്ടും നീട്ടിയ ഭുജം കൊണ്ടും സകലവും സൃഷ്ടിച്ചവൻ നാം ഒരു പ്രത്യേക നുകത്തിന് കീഴ്പ്പെടുവാൻ ആവശ്യപ്പെട്ടാൽ അത് അനുസരിച്ചേ മതിയാകുകയുള്ളൂ. അപ്രകാരം അനുസരിക്കുന്നവർക്ക് ഉണ്ടാകുന്ന നന്മ എന്തെല്ലാമെന്ന് യിരെ:27:11 ൽ കാണുന്നു. അതുപോലെ ഭോഷ്ക്കിന്റെ പ്രവാചകൻമാരുടെ വാക്കുകേട്ട് നുകത്തിന് കഴുത്ത് കീഴ്പ്പെടുത്താത്തവർക്ക് വരുന്ന ശിക്ഷ യിരെ:(27:8-10) വരെയുള്ള ഭാഗത്ത് കാണാവുന്നതാണ്.

ദൈവഹിതമല്ലാത്ത നുകത്തിൻ കീഴിലേക്ക്  നമ്മെ നയിക്കുന്ന സാത്താനെ തോല്പിക്കുവാൻ നമുക്ക് കഴിയണം. റോമൻ നിയമപ്രകാരം അടിമ യജമാനന്റെ private property ആണ് . യജമാനനെ അവൻ സ്നേഹിക്കുന്നു എന്ന് പറഞ്ഞാൽ പിന്നെ വേർപിരിയൽ ഉണ്ടാകുന്നില്ല.

Read പുറ:(21:5,6)

വാതിൽക്കൽ  നിർത്തി കാത് തുളയ്ക്കുന്നത് ഒരു സാഹചര്യത്തിൽ നിന്ന് മറ്റൊന്നിലേക്ക് മാറ്റം സംഭവിക്കുന്നു എന്നർത്ഥവുമുണ്ട്. ആടുകളുടെ വാതിൽ ഞാനാകുന്നു എന്നരുളിയ കർത്താവ് അവനിൽ കൂടെ നമുക്കുള്ള മാറ്റം ആഗ്രഹിക്കുന്നു. ക്രിസ്തുവിന്റെ നുകം ലഘുവാണ് എന്ന് മത്താ:11:30 ൽ കാണുന്നു. അതിനാൽ സ്വാതന്ത്ര്യം നേടിയ അടിമയായി യജമാനന് കീഴ്പ്പെട്ട് ജീവിക്കും എന്ന് ഈ വർഷാവസാനം നമുക്ക് തീരുമാനിയ്ക്കാം. ദൈവം അതിനായി  നമ്മെ ഓരോരുത്തരേയും  ഒരുക്കട്ടെ.

please Read - ഗലാ (5:1,17)

1 കൊരി: (7:21-23)

God bless you

Santhamma Varghese
*Website: www.biblestudy.co.in*
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind